## <u>ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന</u>

## <u>പ്രമേയത്തിന്മേലുള്ള ചർച്ച</u>

<u>ശ്രീ. എസ്. ശർമ്മ:</u> സർ, " 2016 ജൂൺ 24-ാം തീയതി ഗവർണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു " എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. വി. എസ്. സുനിൽ കുമാർ):</u> സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

<u>ശ്രീ. പാറക്കൽ അബ്ദുള്ള:</u> സർ, 1-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

1. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

   "എങ്കിലും മുൻകാലങ്ങളിൽ പ്രക്ഷോഭങ്ങളുടെ പേരിൽ അറസ്റ്റിലായ ദളിത് സ്ത്രീകളും കുട്ടികളും ജയിലിലടയ്ക്കപ്പെട്ടിട്ടുണ്ടെങ്കിലും കക്ഷി രാഷ്ട്രീയ വൈരത്തിന്റെ പേരിൽ സ്ത്രീകളേയോ കുട്ടികളേയോ ജയിലിലടയ്ക്കുന്നതായി പറയപ്പെടുന്ന സംഭവങ്ങൾ ആവർത്തിക്കപ്പെടില്ലെന്ന ഉറപ്പ് ഗവർണ്ണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ:</u> സർ, 2-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"അയൽ സംസ്ഥാനങ്ങളുമായുള്ള തർക്കവിഷയമായ മുല്ലപ്പെരിയാർ ഡാം, നദീസംയോജന പദ്ധതികൾ എന്നിവ സംബന്ധിച്ച് കേരളത്തിലെ ജനങ്ങൾക്കിടയിൽ നിലനിൽക്കുന്നതായി പറയപ്പെടുന്ന ആധിയും ഭീതിയും സംശയങ്ങളും ദൂരീകരിക്കുംവിധമുള്ള വ്യക്തമായ ഉറപ്പ് ഗവർണ്ണറുടെ പ്രസംഗത്തിൽ ഉൾപ്പെടുത്താത്തതിൽ ഖേദിക്കുന്നു."

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u> സർ, 3-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

3. നന്ദിപ്രമേയത്തിന്റെ അവസാനം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക:

"എങ്കിലും മദ്യത്തിന്റെ ഉപഭോഗവും വിപണനവും വ്യാപകമാകാവുന്ന സ്ഥിതിവിശേഷം നിലനിൽക്കുന്നതായി പറയപ്പെടുന്നതിൽ കടുത്ത ആശങ്കയുള്ള കേരളീയർക്ക് ആശ്വാസം നൽകാനുതകുന്ന മദ്യ നിരോധന നടപടികൾ സ്വീകരിക്കുമെന്ന ഉറപ്പ് നയപ്രഖ്യാപന പ്രസംഗത്തിൽ ചേർക്കാത്തതിൽ ഖേദിക്കുന്നു."